## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

## പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം മെച്ചപ്പെടുത്താൻ നടപടി

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*312. 11/11/2019-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.വി.കെ. സി. മമ്മത് കോയ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും പോലീസ് വളരെ മികവ് പുലർത്തുമ്പോഴും പോലീസ് ഉദ്യോഗസ്ഥരുടെ ഒറ്റപ്പെട്ട മോശം പെരുമാറ്റത്തെക്കുറിച്ചുണ്ടാകുന്ന പരാതി പരിഹരിക്കാനുള്ള സംവിധാനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കാറുണ്ടോ; | (എ) | ഉണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള മോശം പെരുമാറ്റമോ, അച്ചടക്കലംഘനമോ ഉണ്ടായാൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ജനകീയ ഭരണ സംവിധാനത്തിൽ രാഷ്ട്രീയ നേതാക്കൾ പൊതുപ്രവർത്തകർ എന്ന നിലയിൽ പോലീസ് ഓഫീസർമാരെ ഔദ്യോഗിക ഫോണിൽ ബന്ധപ്പെട്ടത് രഹസ്യമായി റെക്കോർഡ് ചെയ്ത് സാമൂഹ്യ മാധ്യമത്തിലൂടെ പൊതുപ്രവർത്തകർക്ക് അവമതിപ്പുണ്ടാക്കുന്ന രീതിയിൽ | (ബി) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം പരാതികൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| | പ്രചരിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവീസ് ചട്ടലംഘനത്തിന് മാതൃകാപരമായ നടപടിയുണ്ടാകുമോ; | | |
| (സി) | പരാതിയുമായി സ്റ്റേഷനിൽ എത്തുന്നവരുടെ പ്രശ്നം അന്വേഷിച്ച് മനസ്സിലാക്കുന്നതിന് പകരം പരാതി നൽകാനായി സ്റ്റേഷനിൽ വരേണ്ടിയിരുന്നില്ലെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള പോലീസിന്റെ പെരുമാറ്റം അവസാനിപ്പിക്കാനായിട്ടുണ്ടോ; ജനമൈത്രി പോലീസ് സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | പരാതി നൽകാനായി പോലീസ് സ്റ്റേഷനിൽ വരേണ്ടിയിരുന്നില്ലെന്ന് തോന്നിപ്പിക്കുന്ന തരത്തിൽ പോലീസ് പെരുമാറുന്ന രീതിയിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുന്നവരുടെ പ്രശ്നങ്ങൾ അന്വേഷിച്ച് മനസ്സിലാക്കുന്നതിനും, അതിലേക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതിനും, കേരള പോലീസ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. ഇതിലേക്കായി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഡെസ്ക്, ഹെൽപ്പ് ഡെസ്ക്, വെയിറ്റിംഗ് റൂം തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് വളരെ കാര്യക്ഷമമായിത്തന്നെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെതന്നെ നേരിട്ട് ഇ-മെയിൽ മുഖേനയും പരാതി സമർപ്പിക്കുന്നതിന് 'THUNA' എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**